# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2676** 12.02.2019 -ലെ മറുപടി

## പ്രളയത്തെ തുടർന്ന് ആറന്മുള മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി വീണാ ജോർജ്ജ് | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) ആറന്മുള മണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് ആറ്റുതീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) ആറന്മുള മണ്ഡലത്തിൽ പ്രളയത്തെ തുടർന്ന് ആറ്റുതീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ആറ്റുതീരങ്ങൾ ഇടിഞ്ഞ് വീടുകൾ, കൃഷിഭൂമി എന്നിവക്ക് സംഭവിച്ച നഷ്ടങ്ങൾ പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ;<br>(സി) നാശനഷ്ടത്തിനിരയായവർക്ക് എന്ത് ആശ്വാസനടപടികൾ ലഭ്യമാക്കിയിട്ടുണ്ട്; | (ബി) യും (സി) യും ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. |
| (ഡി) തീരങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;<br>(ഇ) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സംരക്ഷണ പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) യും (ഇ) യും പദ്ധതിയിനത്തിൽ റീ അപ്രോപ്രിയേഷൻ മുഖാന്തിരം ഫ്ലഡ് കൺട്രോൾ ഹെഡിൽ അനുവദിച്ച തുകയിൽ ഉൾപ്പെടുത്തി അച്ചൻകോവിലാറിന്റെയും പമ്പയാറിന്റെയും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.<br>പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ജലസേചനവകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി SDRF-ൽ നിന്നും ലഭിച്ച തുകയിൽ ഉൾപ്പെടുത്തി ആറന്മുള മണ്ഡലത്തിലെ അത്യാവശ്യ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് SDRF ന്റെ Norms പ്രകാരം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ